LIBRARY ARCHIVES Kerala Legislative Assembly

ബജറ്റ് വിഹിതവും ചെലവഴിച്ച തുകയും

43 (1411) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ലെ ബജറ്റ് വിഹിതത്തിൽ വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക എത്ര; ഓരോ വകുപ്പും ചെലവാക്കിയ തുക എത്ര; 2015-16-ൽ വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക എത്ര ;

(ബി) 2014-15 വർഷം ആസൂത്രണ ബോർഡ് വിവിധ വകുപ്പുകൾക്ക് അംഗീകരിച്ചനൽകിയ ബജറ്റ് വിഹിതം എത്ര ; എത്ര തുക ഓരോ വകുപ്പും ചെലവാക്കി ; അത് എത്ര ശതമാനം ; ബാക്കി തുക എപ്രകാരം വിനിയോഗിക്കാൻ ബോർഡ് അനുമതി നൽകി ; 2015-16 വർഷം ആസൂത്രണ ബോർഡ് അംഗീകരിച്ച കണക്കും, നാളിതുവരെ വിനിയോഗിച്ച കണക്കും ലഭ്യമാക്കുമോ ;

(സി) 2014-15 വർഷം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട്, കൊച്ചി മെട്രോ പദ്ധതി, മോണോ റെയിൽ, പാലക്കാട് ഐ.ഐ.ടി. തുടങ്ങിയ ഫ്ലാഗ് ഷിപ്പ് പദ്ധതികൾക്കായി മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ടുകളുടെ പ്രവൃത്തികൾക്കായി എത്ര തുക മാറ്റിവച്ചു ; എത്ര കേന്ദ്ര സഹായം ലഭിച്ചു ; എത്ര തുക സംസ്ഥാന ഫണ്ട് ഉണ്ടായിരുന്നു ; എത്ര തുക ചെലവാക്കി ; ബാക്കി തുകയ്ക്ക് എന്ത് നടപടികൾ സ്വീകരിച്ചു എന്നും പ്രസ്തുത ഫണ്ടുകളുടെ 2015-16-ലെ വിശദാംശം എന്ത് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15-ൽ വിവിധ വകുപ്പുകൾക്ക് അനുവദിച്ച വാർഷിക പദ്ധതി വിഹിതവും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധം 1 (എ) ആയി ചേർത്തിരിക്കുന്നു.* 2015-16-ൽ വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക അനുബന്ധം 1 (ബി) ആയി ചേർത്തിരിക്കുന്നു.*

(ബി) 2014-15 വർഷം ആസൂത്രണ ബോർഡ് വിവിധ വകുപ്പുകൾക്ക് അംഗീകരിച്ചനൽകിയ പ്ലാൻ ബജറ്റ് വിഹിതവും ഓരോ വകുപ്പും ചെലവാക്കിയ തുകയും അത് എത്ര ശതമാനം എന്നത് സംബന്ധിച്ച വിവരവും അനുബന്ധം 2(എ) ആയി ചേർത്തിരിക്കുന്നു.* 2015-16 വർഷം ആസൂത്രണ ബോർഡ് അംഗീകരിച്ച കണക്കും നാളിതുവരെ വിനിയോഗിച്ച കണക്കും (9-6-2015 വരെ) അനുബന്ധം 2 (ബി) ആയി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2014-15-ൽ മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് സമാഹൃത ഫണ്ടായി 1225 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും കൃത്യമായി ഡി.പി.ആർ. സമർപ്പിക്കുന്നമുറയ്ക്ക് ഫണ്ട് അനുവദിക്കുകയാണ് ചെയ്യുന്നത്. അതിൻപ്രകാരം ദേശീയ ഗെയിംസിന് 216 കോടി രൂപ, കൊച്ചി മെട്രോയ്ക്ക് 196 കോടി രൂപ, തലസ്ഥാന നഗര വികസന പദ്ധതിക്ക് 3.95 കോടി രൂപ വീതം അനുവദിച്ച നൽകിയിട്ടുണ്ട്. ഇതിൽ കേന്ദ്രസഹായം ഉൾപ്പെടുന്നില്ല. 2014-15-ലെ താൽക്കാലിക കണക്ക് പ്രകാരം കൊച്ചി മെട്രോയ്ക്ക് 247 കോടിയും ദേശീയ ഗെയിംസിന് 216 കോടിയും തലസ്ഥാന നഗര വികസന പദ്ധതിക്ക് 26.87 കോടിയും ചെലവഴിച്ചിട്ടുണ്ട്. 2015-16-ൽ ഈ പദ്ധതികൾക്കായി 2000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ആജീവിക സ്കിൽഡ് പ്രോഗ്രാം

44 (1412) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ആജീവിക സ്കിൽഡ് പ്രോഗ്രാമിന്റെ വിശദാംശങ്ങൾ നൽകാമോ ;

(ബി) പദ്ധതിയിലൂടെ 2014-15 -ൽ ലക്ഷ്യമിട്ട കാര്യങ്ങൾ വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിലേക്കായി കേന്ദ്ര സർക്കാർ നൽകിയ തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ പോരായ്മകൾ കടന്നുകൂടിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കുടുംബശ്രീമുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന (ആജീവിക സ്കിൽസ്)-യിലൂടെ 18-35 ഇടയിൽ പ്രായമുള്ള യുവതിയുവാക്കൾക്കും 45 വയസ്സുവരെ പ്രായമുള്ള സ്ത്രീകൾക്കും

LIBRARY ARCHIVES Kerala Legislative Assembly